(എഫ്) ഈ റോഡ് കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾക്കുപുറമെ ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

നിലവിൽ കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ കോടതി ഉത്തരവനുസരിച്ച് മാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ.

ഇരിക്കൂർ മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

67 (816) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിച്ചിരിക്കുന്ന പാലങ്ങളുടെ പേര് വിവരം വെളിപ്പെടുത്താമോ?

1. അലക്സ് നഗർ - കാഞ്ഞിലേരി പാലം 2. ആലക്കോട് പാലം

(ബി) ഓരോ പാലത്തിന്റെയും പ്രവൃത്തി ഏത് ഘട്ടങ്ങളിലാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

അലക്സ് നഗർ-കാഞ്ഞിലേരി പാലം

ഈ പാലത്തിന്റെ രണ്ട് അബട്ട്മെന്റുകളുടേയും നാല് പിയറുകളുടേയും ഒരു പിയർ ക്യാപിന്റേയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അഞ്ച് സ്പാനുകളിലെ ആദ്യത്തെ സ്പാനിന്റെ ഗർഡറിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്.

ആലക്കോട് പാലം

ആലക്കോട് പാലത്തിന്റെ ആകെയുള്ള രണ്ട് വെൽ ഫൗണ്ടേഷനുകളിൽ ഒരെണ്ണത്തിന്റെ പ്രവൃത്തി പൂർത്തിയായിവരുന്നു.

(സി) ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാത്ത പാലങ്ങളുണ്ടെങ്കിൽ അവയുടെ പേര് വിവരം അറിയിക്കാമോ?

1. അട്ടൂർക്കടവ് പാലം
2. നുച്ചിയാട് പുഴയ്ക്ക് കുറുകെയുള്ള പാലം - മലയോര ഹൈവേയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) എസ്റ്റിമേറ്റ് സമർപ്പിച്ചതും എന്നാൽ നിലവിൽ ഭരണാനുമതി നൽകാത്തതുമായ പാലങ്ങളേതെല്ലാമാണെന്നും അവയ്ക്ക് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ എന്നും വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

1. കരുവഞ്ചാൽ പാലം - (2021-2022) ബഡ്ജറ്റിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

2. വട്ട്യാംതോട് പാലം - എസ്റ്റിമേറ്റ് ഭരണാനുമതിക്കുള്ള നടപടി പുരോഗമിക്കുന്നു.

ചമ്പക്കുളം-നെടുമുടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോതറത്തോട് പാലം

68 (817) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽ ചമ്പക്കുളം-നെടുമുടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോതറത്തോട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥതലത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ തലത്തിൽ ഏതൊക്കെ തലങ്ങളിലാണ് കാലതാമസം നേരിട്ടതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ പ്രവൃത്തികൾ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയും; സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

(എ-സി) കോതറത്തോട് പാലം നിർമ്മാണത്തിനുവേണ്ടി പൊതുമരാമത്ത് പാലം വിഭാഗം സർവ്വേയും മണ്ണുപരിശോധനയും നടത്തി ഡിസൈൻ പൂർത്തീകരിക്കുകയും അതുപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന്മേൽ 29-11-2019-ൽ 22.85 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. അതിനുശേഷം 14-8-2020-ൽ 124 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് ഉത്തരവ് നൽകുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിനും 6(1) നോട്ടിഫിക്കേഷൻ ലഭിക്കുന്നതിനുംവേണ്ടിയുള്ള അപേക്ഷ ആലപ്പുഴ ജില്ലാ കളക്ടർ സ്വീകരിക്കുന്നുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാലുടൻതന്നെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

കിഫ്ബി പ്രവൃത്തികൾക്കുള്ള തടസ്സം

69 (818) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കിഫ്ബി പ്രവൃത്തികളായ മുള്ളറവിള-ആയയിൽ പാലം, കന്നിപ്പുറം പാലം എന്നിവയുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly